പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാൽപ്പത്തിഒൻപതാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006) യുടെ അഞ്ചാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

## നാൽപ്പത്തിഒൻപതാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006) യുടെ അഞ്ചാമത് റിപ്പോർട്ടിൻമേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

245/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 26 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി വരെ

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 49-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) 5-ാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചത്) ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഫെബ്രുവരി മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 5-ാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 5-ാമത് റിപ്പോർട്ട് 2005 മാർച്ച് മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിൽ ആകെ 24 ശിപാർശകളാണുള്ളത്. ഇവയിൽ ഖണ്ഡിക 35, 47, 49, 57, 66 ഒഴികെ എല്ലാ ശിപാർശകളിന്മേലും മറുപടി ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ 11, 24, 25, 36, 37, 48, 67, 82, 90, 91, 92, 93, 94, 102, 110, 117, 123, 128, 133 എന്നീ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഇവയിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ് എന്നിവ 11-2-2015, 8-2-2017, 19-10-2017, 19-12-2018, 8-5-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ഖണ്ഡിക 102, 110, 117 എന്നിവയിന്മേൽ 19-10-2017-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയും ചെയ്തു. ഇവയിൽ ശിപാർശ ഖണ്ഡിക 117 ന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നു. എന്നാൽ ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

1.3 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശകളിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധികവിവരം, അധികവിവരത്തിന്മേൽ ലഭ്യമായ മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാകാത്ത ശിപാർശകൾ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

2005-ൽ സമർപ്പിച്ച സമിതി റിപ്പോർട്ടിലെ അവശേഷിക്കുന്ന ശിപാർശകളിൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശകളും.**

ഖണ്ഡിക നമ്പർ 117

ശിപാർശ

2.1.1 സി.എഫ്. ലാമ്പുകൾ സ്ഥാപിക്കുന്ന പ്രോജക്ടിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി ക്രമക്കേടുകൾക്കുത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 ഈ വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഫിനാൻസ് സെക്രട്ടറിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനെർട്ടിന്റെ സെൻട്രൽ സ്റ്റോറിലെ ക്രമക്കേടുകളും ഉപകരണങ്ങളുടെ ദുരുപയോഗവും സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുകയും (വി.ഇ.24/05/എസ്.ഐ.യു.) കുറ്റക്കാരനായി കണ്ടെത്തിയ അനെർട്ടിലെ ടെക്നിക്കൽ പ്രോജക്ട് ഓഫീസറായ ശ്രീ. രഘുകുമാറിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 6151/ഡി2/09/വിജി. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.3 രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

സമിതി ആരാഞ്ഞ അധികവിവരം

2.1.4 പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട വിഷയത്തിൽ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുക.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

2.1.5 ഈ വിഷയവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഫിനാൻസ് സെക്രട്ടറിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനെർട്ടിന്റെ സെൻട്രൽ സ്റ്റോറിലെ ക്രമക്കേടുകളും ഉപകരണങ്ങളുടെ

ദുരുപയോഗവും സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുകയും (വി.ഇ.24/05/എസ്.ഐ.യു.) കുറ്റക്കാരനായി കണ്ടെത്തിയ അനെർട്ടിലെ ടെക്നിക്കൽ പ്രോജക്റ്റ് ഓഫീസറായ ശ്രീ. രഘുകുമാറിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് 6151/ഡി2/09/വിജി. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.6 തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>19-10-2017-ലെ തെളിവെടുപ്പ് യോഗം</u>

2.1.7 പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേൽ ലഭ്യമായ മറുപടി സമിതി പരിശോധിക്കുകയും തിരുവനന്തപുരം നഗരസഭാതിർത്തിയിലെ തെരുവ് വിളക്കുകളിലെ ബൾബുകൾ മാറ്റി സി.എഫ്.എൽ. സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന സമിതിയുടെ നിർദ്ദേശം പാലിക്കാതെ, ഫിനാൻസിലെ ഇൻസ്പെക്ഷൻ വിംഗ് അനെർട്ടിലെ ക്രമക്കേടുകൾ പരിശോധിച്ച് നടപടി സ്വീകരിച്ച എന്ന റിപ്പോർട്ടാണ് തന്നിരിക്കുന്നതെന്നും ഓഡിറ്റ് പരാമർശവുമായി യാതൊരു ബന്ധവുമില്ലാതെ അനെർട്ടിന്റെ കാര്യമാണ് ഗവൺമെന്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും സമിതി കണ്ടെത്തി.

2.1.8 ഇതു സംബന്ധിച്ച് തങ്ങൾക്ക് ലഭിച്ച നിർദ്ദേശം അനെർട്ടിൽ ക്രമക്കേട് നടന്നു എന്നാണെന്നും അതിന്റെ ഭാഗമായി ആരോപണവിധേയനായ ആൾക്കെതിരെ ഡിസിപ്ലിനറി ആക്ഷനെടുത്തുവെന്നും ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ 1,11,307 രൂപ ഈടാക്കുന്നതിന് സ്യൂട്ട് ഫയൽ ചെയ്യാൻ ഉത്തരവായി എന്നും റിക്കവറിയ്ക്ക് ഉത്തരവ് നൽകിയിരിക്കുകയാണ് എന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഡസ്ട്രീസ് ആന്റ് പവർ ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിച്ചു. സമിതി ചൂണ്ടിക്കാണിച്ച ക്രമക്കേടും അനെർട്ടിൽ നടന്ന ക്രമക്കേടും രണ്ട് കാര്യങ്ങളാണെന്ന് സമിതി അഭിപ്രായപ്പെടുകയും 2000 സി.എഫ്. ലാമ്പുകൾ ഫിറ്റ് ചെയ്യുന്നതിന് 4000 സി.എഫ്. ലാമ്പുകൾ ഫിറ്റ് ചെയ്യുന്നതിന് ആവശ്യമായ തുക നഗരസഭ കെ.എസ്.ഇ.ബി.യിൽ അടച്ചെങ്കിലും അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഗവണ്മെന്റ് നടപടികൾക്ക് വിരുദ്ധമായി കാര്യങ്ങൾ ചെയ്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നുമാണ് സമിതിയുടെ ശിപാർശയെന്നും തിരുവനന്തപുരം കോർപ്പറേഷനും കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ടതാണ് ടി വിഷയം എന്നും അനെർട്ടുമായി യാതൊരു ബന്ധവുമില്ലെന്നും സമിതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി.

ടി വിഷയത്തിൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് എന്താണ് പറയാനുള്ളതെന്ന് സമിതി ആരായുകയും കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിൽ കൂടിയ റിവ്യൂ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യപ്പോൾ അനെർട്ട് നടപടി സ്വീകരിക്കുമെന്ന ഒരു റെക്കമെന്റേഷൻ ആണ് അവിടെ വന്നത് എന്നും കോർപ്പറേഷൻ റെക്കോർഡ് പ്രകാരം ആദ്യം 2000 ലാമ്പ് ഇഷ്യൂ ചെയ്തെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഏത് പോയിന്റിലാണ് ഡൈവേർട്ട് ചെയ്തതെന്ന് അറിയില്ലയെന്നും കെ.എസ്.ഇ.ബി. എന്നാണ് തങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

2.1.9 കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട പരാമർശം അറിയില്ലായിരുന്നുവെന്നും പ്രസ്തുത ശിപാർശ സംബന്ധിച്ച രേഖകൾ കയ്യിലില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഡസ്ട്രീസ് ആന്റ് പവർ വകുപ്പ് സമിതിയിൽ ബോധിപ്പിച്ചു.

2.1.10 കോർപ്പറേഷൻ കെ.എസ്.ഇ.ബി.ക്ക് കൊടുത്തെങ്കിലും കെ.എസ്.ഇ.ബി. അനെർട്ടിനെ ഏൽപ്പിച്ചിട്ടുണ്ടാകുമെന്നും ഫയൽ നന്നായി പരിശോധിക്കാത്തതാണ് ഈ പ്രശ്നങ്ങൾക്ക് കാരണമെന്നും സമിതി വിലയിരുത്തി. ഫയൽ പഠിച്ച് വിശദമായ റിപ്പോർട്ട് നൽകാമെന്ന് ഇൻഡസ്ട്രീസ് ആന്റ് പവർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

2.1.11 സി.എഫ്. ലാമ്പുകൾ സ്ഥാപിക്കുന്ന പ്രോജക്ടിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി ക്രമക്കേടുകൾക്ക് ഉത്തരവാദിയായവരുടെ പേരിൽ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.1.12 സി.എഫ്. ലാമ്പുകൾ സ്ഥാപിക്കുന്ന പ്രോജക്ടിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ സമിതിയെ അറിയിക്കുവാൻ ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

**സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.**

ഖണ്ഡിക നമ്പർ 11

ശിപാർശ

3.1.1 തിരുവനന്തപുരം കോർപ്പറേഷനിൽ ഭാവിയിലുണ്ടാകുന്ന എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് മാനുവലിലെയും മറ്റ് ബന്ധപ്പെട്ട ചട്ടങ്ങളിലെയും ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും, സർക്കാർ അനുമതി ആവശ്യമുള്ള പർച്ചേസുകൾ സർക്കാർ അനുമതി ലഭിച്ചതിനുശേഷവും മാത്രം നടത്തുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് മാന്വലിലേയും പ്രൊക്യൂർമെന്റ് മാന്വലിലേയും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമാണ് ചെയ്തു വരുന്നത്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.1.3 ഖണ്ഡികയുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട ചട്ടങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.1.4 പർച്ചേസ് മാന്വലിന്റെ ചട്ടപ്രകാരമല്ല ഫോഗിംഗ് മെഷീൻ വാങ്ങിയതെന്നാണ് ഓഡിറ്റ് പരാമർശമെന്നും, ഡെങ്കിപ്പനി വ്യപകമായ സാഹചര്യത്തിൽ ടി മെഷീൻ വാങ്ങിയതിനാൽ അപാകതകളെല്ലാം ഒഴിവാക്കുകയും എല്ലാ പർച്ചേസും സ്റ്റോർ പർച്ചേസ് മാന്വലിലേയും പ്രൊക്യൂർമെന്റ് മാന്വലിലെയും ചട്ടങ്ങൾ പ്രകാരം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം ഇപ്പോൾ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതായി ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതി യോഗത്തിൽ ഹാജരായി മറുപടി നൽകിയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

ഖണ്ഡിക നമ്പർ 24

ശിപാർശ

3.2.1 തീമൻകരിയിലെ പാലം അടിയന്തര പ്രാധാന്യമുള്ളതും ജീർണ്ണാവസ്ഥയിലുമായിരുന്നെങ്കിൽ പുതുക്കിപ്പണിയുന്നതിന് കാലേക്കൂട്ടി തീരുമാനമെടുത്ത് ഓപ്പൺ ടെണ്ടർ വിളിച്ച് മാക്സിമം ലാഭത്തിൽ പണി ചെയ്യിക്കാമെന്നിരിക്കെ അതിന് നടപടി സ്വീകരിക്കാതെ പാലം പുനർ നിർമ്മിക്കുന്നതിനുള്ള (ഇതിന് സാഹചര്യമൊരുക്കിയ) കോർപ്പറേഷൻ നടപടിക്ക് ഗവൺമെന്റ് അംഗീകാരം നൽകിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇത്തരം നടപടി ഭാവിയിലെങ്കിലും ഒഴിവാക്കണമെന്നും അതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 നെട്ടുകാട് വാർഡിലെ തീമൻകരി തടിപാലം പുനർ നിർമ്മിച്ച നടപടിക്ക് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഉണ്ടാകുകയില്ലെന്ന് സമിതിക്ക് ഉറപ്പ് നൽകുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.2.3 ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള അംഗീകാര നടപടിക്രമം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.2.4 19-9-1996-ലെ 2230/90 ത.ഭ.വ. ജി.ഒ. പ്രകാരം നെട്ടുകാട് വാർഡിലെ തീമൻകരി തടിപ്പാലം പുനർ നിർമ്മിച്ച നടപടിക്ക് അനുമതി നൽകിയതിന്റെ കത്ത് ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ല എന്നതാണ് ഒബ്ജക്ഷൻ എന്നും, ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 62,000 രൂപയും, അധികരിച്ച നിരക്കിൽ 1,32,274 രൂപയ്ക്ക് അന്ന് കരാറുകാരന് വർക്ക് നൽകിയതെങ്കിലും ഗവൺമെന്റ് ആ തുക അംഗീകരിച്ച് കൊടുത്തു എന്നും, ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കണമെന്ന സമിതിയുടെ നിർദ്ദേശം പാലിക്കുമെന്ന് ഗവൺമെന്റ് ഉറപ്പും നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിലും ഗവൺമെന്റ് അധിക തുക അംഗീകരിച്ച് കൊടുത്ത സാഹചര്യത്തിലും ഓഡിറ്റ് പരമാർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

ഖണ്ഡിക നമ്പർ 25

ശിപാർശ

3.3.1 സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയില്ലായ്മമൂലമാണ് നിശ്ചിത സമയത്തിനുള്ളിൽ തീമൻകരിയിലെ പാലം പണി പൂർത്തിയാക്കാൻ കഴിയാതെ വന്നതെന്ന് കോർപ്പറേഷൻ അധികൃതർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 നെട്ടുകാട് വാർഡിലെ തീമൻകരി തടിപ്പാലം ജീർണ്ണാവസ്ഥയിലായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് കാലടി, നെട്ടുകാട് വാർഡുകളിലെ ഭക്തജനങ്ങൾ പ്രസ്തുത പാലത്തെ ആശ്രയിച്ച് സഞ്ചരിക്കുന്ന അവസ്ഥ നിലനിന്നിരുന്നതിനാൽ

ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുവാൻ അടിയന്തരമായി പാലം പുനർനിർമ്മിക്കുന്നതിന് ബഹു. സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി തീമൻകരി തടിപ്പാലം പുനർനിർമ്മിച്ചിട്ടുള്ളതാണ്. ആറ്റുകാൽ പൊങ്കാലക്ക് മുമ്പായി പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നതിനാലും, പാലം നിർമ്മാണത്തിന് തയ്യാറാക്കിയിരുന്ന അടങ്കൽ പ്രകാരമുള്ള "തേമ്പകം" എന്ന തടി മാർക്കറ്റിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലും, 'ആഞ്ഞിലി' തടി ഉപയോഗിച്ച് നിർമ്മാണം നടത്തിയതെന്ന് ഫയൽ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണത്തിന്റെ സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും, ടി പാലം നിർമ്മാണത്തിന്റെ സൂപ്പർവൈസറി ഉദ്യോഗസ്ഥനായിരുന്ന ശ്രീ.എ.പി.ചെറിയാൻ നഗരസഭാ എഞ്ചിനീയറായി 30-11-1996-ൽ പെൻഷൻ പറ്റി പിരിഞ്ഞുപോയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.3.3 രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

<u>8-2-2017-ലെ സമിതിയോഗ തീരുമാനം</u>

3.3.4 തീമൻകരി തടിപ്പാലം നിർമ്മാണത്തിന്റെ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ പെൻഷനായതിനാൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ലെന്ന മറുപടി പരിശോധിച്ച സമിതി ഭാവിയിൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പിന് നൽകിക്കൊണ്ട് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്തു.

<u>ഖണ്ഡിക നമ്പർ 36</u>

<u>ശിപാർശ</u>

3.4.1 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ഭാവിയിൽ, കോർപ്പറേഷന്റെ മൂലധന കണക്കിലുള്ള തുക മറ്റാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുന്നത് സർക്കാരിന്റെ മുൻകൂറായുള്ള അനുമതി വാങ്ങിയതിന് ശേഷം മാത്രമായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 നിയമസഭാ സമിതി നിർദ്ദേശം കർശനമായി പാലിക്കുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.4.3 മറുപടി അംഗീകരിക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 37

ശിപാർശ

3.5.1 പ്രതിവർഷം 50 കോടി രൂപ വരുമാനമുള്ള തിരുവനന്തപുരം കോർപ്പറേഷൻ പോലുള്ള ഒരു സ്ഥാപനത്തിന്റെ അക്കൗണ്ട്സ് അപ് റ്റു ഡേറ്റ് അല്ലെന്നതിൽ സമിതി ഉൽക്കണ്ഠ രേഖപ്പെടുത്തുന്നതോടൊപ്പം അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം എന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.2 തിരുവനന്തപുരം കോർപ്പറേഷന്റെ അക്കൗണ്ട്സ് 1-4-2007 മുതൽ ഡബിൾ എൻട്രി സമ്പ്രദായത്തിലാണ്. ആയതിനാൽ ഇപ്പോൾ കണക്കുകൾ അപ്റ്റുഡേറ്റ് ആണ്. ഡബിൾ എൻട്രി സമ്പ്രദായത്തിൽ കണക്കുകൾ സൂക്ഷിക്കുന്നതിനാൽ സമ്പൂർണ്ണ സാമ്പത്തിക കണക്കുകൾ ലഭ്യമാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.5.3 ഡബിൾ എൻട്രി സമ്പ്രദായത്തിൽ കണക്കുകൾ സൂക്ഷിക്കുന്നതിനാൽ പൂർണ്ണമായ സാമ്പത്തിക കണക്കുകൾ ലഭ്യമാണ്. മറുപടി അംഗീകരിക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 48

ശിപാർശ

3.6.1 ഭാവിയിൽ കോർപ്പറേഷനിലേക്ക് നടത്തുന്ന എല്ലാത്തരം പർച്ചേസുകളും സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് മാത്രം നടത്തുന്നതിന് കോർപ്പറേഷനിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകണമെന്നും ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 സമിതി ശിപാർശ പാലിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷൻ നടത്തുന്ന എല്ലാത്തരം പർച്ചേസുകളും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ പ്രകാരം തന്നെയാണ് നടത്തുന്നത്. നിർദ്ദിഷ്ട വ്യവസ്ഥകൾ യഥാവിധി പാലിക്കുന്നതിന് കർശനമായ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.6.3 ജീവനക്കാർക്ക് നിർദ്ദേശം നൽകിയതുമായി ബന്ധപ്പെട്ട രേഖകളൊന്നുംതന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.6.4 നിലവിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന സമിതി യോഗത്തിൽ ഹാജരായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 67

ശിപാർശ

3.7.1 മൂന്ന് ഡീസൽ അമ്പാസിഡർ കാറുകൾ വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ഫയൽ വിജിലൻസിന് കൈമാറിയിരിക്കുകയാണെന്ന് കോർപ്പറേഷൻ അധികൃതർ സമിതിയെ അറിയിച്ചുവെങ്കിലും ഇത് സംബന്ധമായ ഫയലുകളൊന്നും വിജിലൻസിന് കൈമാറിയിട്ടില്ലെന്ന് വിജിലൻസ് ഐ.ജി., സമിതിക്ക് തെളിവ് നൽകിയിരിക്കുന്നതിനാൽ ഈ വിഷയത്തിൽ സമിതിയെ തെറ്റിദ്ധരിപ്പിച്ച കോർപ്പറേഷൻ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.7.2 ശ്രീ. റോസ് മിലൻ ഡാനിയൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) തിരുവനന്തപുരം കോർപ്പറേഷനിൽ പ്രോജക്ട് എഞ്ചിനീയർ ആയിരുന്ന 1999 കാലഘട്ടത്തിൽ നഗരസഭയിൽ 3 അംബാസിഡർ കാർ വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട E8/2496/98 നമ്പർ ഫയൽ ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റി (2004-2005)-ന് മുമ്പാകെ ഹാജരാക്കാതെ പ്രസ്തുത ഫയൽ വിജിലൻസിന് കൈമാറി എന്ന് കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച എന്ന കുറ്റത്തിന് കമ്മിറ്റിയുടെ 5-ാമത് റിപ്പോർട്ടിലെ 67-ാം ഖണ്ഡിക പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ നിന്നും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16-ൽ അനുശാസിക്കും വിധം കുറ്റപത്രവും കുറ്റാരോപണപത്രികയും 12-5-2009-ൽ നൽകിയിരുന്നു.

3.7.3 പ്രസ്തുത ഫയൽ മറ്റ് ഫയലുകൾക്കൊപ്പം വിജിലൻസ് വകുപ്പിന് കൈമാറിയതായി രേഖപ്പെടുത്തിയ E8 സെക്ഷനിലെ ക്ലാർക്കിന്റെ നോട്ട് അബദ്ധവശാൽ താൻ അംഗീകരിക്കുകയായിരുന്നെന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്ത് നിന്നും മനഃപൂർവ്വമായി ഒരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും തെറ്റ് ബോധ്യപ്പെട്ട താൻ 10-11-2009-ലെ കത്ത് പ്രകാരം ഇക്കാര്യം വിശദമാക്കിയിരുന്നെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി. അംബാസിഡർ കാർ വാങ്ങുന്നതിൽ ഒരു തരത്തിലും ബന്ധമില്ലാത്ത തന്റെ പേരിൽ കേവലം നോട്ട് പിശക് മൂലമുണ്ടായ ഒരു തെറ്റിന് ശിക്ഷാ നടപടി സ്വീകരിക്കരുതെന്നും തന്റെ പ്രതിവാദപത്രികയിൽ അപേക്ഷിച്ചിരുന്നു.

3.7.4 തിരുവനന്തപുരം നഗരസഭയിൽ 1999 കാലഘട്ടത്തിൽ 3 ഡീസൽ കാറുകൾ വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് ആഡിറ്റ് കമ്മിറ്റിയെ ശ്രീ. റോസ് മിലൻ ഡാനിയൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) അറിയിക്കാൻ ഇടയായത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് അറിയിച്ച പ്രകാരമാണെന്നും ഇക്കാര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും മനഃപൂർവ്വമായി കമ്മിറ്റിയെ തെറ്റിദ്ധരിപ്പിക്കുന്നതിനായി ശ്രമം ഉണ്ടായിട്ടില്ലെന്നും 31-5-2013-ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കണമെന്നും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ 6-10-2016-ൽ ശിപാർശ ചെയ്തിരുന്നു.

3.7.5 അതേ സമയം ഫയൽ കാണാതായത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ഫയൽ പ്രകാരമുള്ള പേമെന്റ് കഴിഞ്ഞ് ടി ഫയൽ അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഡെസ്പാച്ച് സെക്ഷൻ ക്ലാർക്ക് ശ്രീ. ദേവദാസൻ യു.ഡി.സി. (ഇപ്പോൾ സൂപ്രണ്ട്, തിരുവനന്തപുരം നഗരസഭ) കൈപ്പറ്റിയിട്ടുണ്ടായെന്നും ആയതു പ്രകാരം ടിയാന് ജനറൽ സെക്ഷൻ മുഖാന്തരം 2004-ൽ മെമ്മോ നൽകുകയും ടി മെമ്മോയ്ക്ക് ശ്രീ. ദേവദാസ് നൽകിയ മറുപടിയിൽ പ്രസ്തുത ഫയൽ അന്നത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയിരുന്ന ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപിള്ള (31-5-2001-ൽ റിട്ടയർ ചെയ്തു) നേരിൽ വാങ്ങിയ ശേഷം സെക്ഷനിൽ തിരികെ നൽകിയില്ല എന്ന് അറിയിച്ചിരുന്നു എന്നും ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപിള്ളയ്ക്ക് നോട്ടീസുകൾ നൽകിയിരുന്നുവെങ്കിലും ടിയാൻ കൈപ്പറ്റാത്തതിനാൽ 25-7-2006-ൽ വക്കീൽ നോട്ടീസ് അയയ്ക്കുകയും ആയത് കൈപ്പറ്റിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കാത്തതിനാലും ടിയാൻ 31-5-2001-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനാലും ടിയാനെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയുണ്ടായി എന്നും ഇതേ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. റോസ് മിലൻ ഡാനിയേലിന് 1-12-2005-ൽ നഗരസഭാ സെക്രട്ടറി മെമ്മോ നൽകിയിരുന്നുവെന്നും ടി മെമ്മോയ്ക്ക് മറുപടിയായി പ്രസ്തുത ഫയൽ കൈകാര്യം ചെയ്തിരുന്ന ഇ 8 എന്ന സെക്ഷൻ തന്റെ കീഴിലുള്ള സെക്ഷൻ അല്ലെന്നും കാണാതായ ഫയൽ നിലവിലുള്ള ഇ 8 എന്ന സെക്ഷൻ ക്ലാർക്കിനും മുൻ ഇ 8 സെക്ഷൻ ക്ലാർക്കിനും ചാർജ്ജ് പ്രകാരം കൈമാറിയിട്ടില്ലെന്നും നിലവിൽ ടി സെക്ഷനിലെ മറ്റാർക്കും തന്നെ ഈ ഫയൽ സംബന്ധിച്ച് വിവരം ലഭ്യമല്ലാത്തതിനാലും മറ്റ് ഫയലുകൾക്ക് ഒപ്പം ടി ഫയലും വിജിലൻസിന് കൈമാറിയിട്ടുണ്ടാകാം എന്ന സെക്ഷനിലെ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ മറുപടി നൽകാൻ ഇടയായതെന്നും അറിയിച്ചിട്ടുള്ളതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

3.7.6 ശ്രീ. റോസ് മിലൻ ഡാനിയൽ സമർപ്പിച്ച എതിർവാദപത്രിക, ചീഫ് എഞ്ചിനീയറുടെയും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെയും റിപ്പോർട്ട് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചതിൽ നിന്നും ബന്ധപ്പെട്ട ഫയലിന്റെ സൂക്ഷിപ്പുകാരൻ ആയ സെക്ഷൻ ക്ലാർക്ക് അറിയിച്ച കാര്യം പുറത്തെഴുതുക മാത്രമാണ് ശ്രീ. റോസ് മിലൻ ഡാനിയൽ ചെയ്തതെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റിയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള യാതൊരു ശ്രമവും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്നും വ്യക്തമായ സാഹചര്യത്തിൽ സ.ഉ.(സാധാ.) നമ്പർ 3899/2017/ത.സ്വ.ഭ.വ. തീയതി 4-12-2017 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ പ്രോജക്ട് എഞ്ചിനീയറായിരുന്ന ശ്രീ. റോസ് മിലൻ ഡാനിയേലിനെതിരെ സ്വീകരിച്ച അച്ചടക്കനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കി ടിയാനെതിരെ സ്വീകരിച്ച് വന്ന അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുണ്ട്.

3.7.7 1999 കാലഘട്ടത്തിൽ നഗരസഭയിൽ 3 അംബാസിഡർ കാറുകൾ വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട E8/2496/98 നമ്പർ ഫയൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2005)-ന് മുമ്പാകെ ഹാജരാക്കാതെ പ്രസ്തുത ഫയൽ വിജിലൻസിന് കൈമാറി എന്ന് കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച എന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി എന്നിവരുടെ റിപ്പോർട്ട് പരിശോധിച്ചതിൽ തിരുവനന്തപുരം കോർപ്പറേഷനിലെ ജീവനക്കാരുടെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്ന് വ്യക്തമായ സാഹചര്യത്തിൽ ഇത് സംബന്ധിച്ച തുടർനടപടികൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.7.8 തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ് ലഭ്യമാക്കിയ നടപടി വിശദീകരണ പത്രിക സൂക്ഷ്മ പരിശോധന നടത്തുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ തിരുവനന്തപുരം നഗരസഭ ഓഡിറ്റിൽ നിന്നും, കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നേരിട്ടും തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെയും നഗരസഭ മറുപടിയോ, നടപടി വിശദീകരണ പത്രികയിൽ പറയുന്ന രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

<u>സമിതി തീരുമാനം</u>

3.7.9 പ്രസ്തുത വിഷയം സംബന്ധിച്ച് വളരെ നിരുത്തരവാദപരമായ മറുപടി ലഭ്യമാക്കിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള നടപടികൾ ഒഴിവാക്കുന്നു.

ഖണ്ഡിക നമ്പർ 82

ശിപാർശ

3.8.1 റിട്ടയർമെന്റ് തീയതിക്കുശേഷവും സർവ്വീസിൽ തുടർന്ന ജീവനക്കാരുടെ യഥാർത്ഥ റിട്ടയർമെന്റ് തീയതിയിൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷന്റെ (കണ്ടിജന്റ് ജീവനക്കാരെ സംബന്ധിക്കുന്ന) ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി ജനനത്തീയതികൾ തിരുത്തിയതിന്റെ ഉത്തരവാദിത്തം ഫിക്സ് ചെയ്ത് ഇവർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കണം എന്നും ജനനത്തീയതികൾ തിരുത്തിയതുമൂലം അനധികൃതമായി സർവ്വീസിൽ തുടർന്ന കണ്ടിജന്റ് ജീവനക്കാർ, അനധികൃതമായി സർവ്വീസിൽ തുടർന്ന കാലയളവിൽ കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും ജനനത്തീയതി തിരുത്തിയതിന് സഹായിച്ച ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ പിടിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണം എന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.8.2 നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ റിട്ടയർമെന്റിലുണ്ടായ കാലതാമസം കാരണം നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരെ വിജിലൻസ് കണ്ടെത്തുകയും ടി ജീവനക്കാരിൽ ഓരോരുത്തർക്കും ബാദ്ധ്യത നിശ്ചയിക്കുകയും അവരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 57,918 രൂപ ഈടാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.8.3 മറുപടി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.8.4 ഭാവിയിൽ ഇത്തരം കേസുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മുഴുവൻ തുകയും തിരിച്ച് പിടിക്കുന്നതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെമേൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന നിർദ്ദേശത്തോടെ ടി വിഷയത്തിന്മേലുള്ള തുടർനടപടികൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 90

ശിപാർശ

3.9.1 ഉപയോഗക്ഷമത കുറവായ പോട്ട് ഹോൾ റിപ്പയറിംഗ് മെഷീൻ 27,55,285 രൂപയ്ക്ക് വാങ്ങിയതിനുത്തരവാദികളായ അന്നത്തെ കോർപ്പറേഷൻ എഞ്ചിനീയർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 പാറ്റ്ന ആസ്ഥാനമായുള്ള സ്പീഡ് ക്രാഫ്റ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും പോട്ട് ഹോൾ റിപ്പയറിംഗ് മെഷീൻ വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ചും ഒരു വിജിലൻസ് അന്വേഷണം നടത്തിയിരുന്നു (വി.ഇ. നമ്പർ 29/01/SRT. 6-ാം നമ്പർ ആരോപണം) ആരോപണം അടിസ്ഥാന രഹിതമാണെന്ന് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കോർപ്പറേഷൻ കൗൺസിലിന്റെയും, വർക്ക്സ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അനുമതിക്ക് വിധേയമായി മെഷീന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം ടെണ്ടർ നടപടിക്രമങ്ങളും പാലിച്ചതിനുശേഷമാണ് പോട്ട് ഹോൾ റിപ്പയറിംഗ് മെഷീൻ വാങ്ങിയതെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.9.3 വിജിലൻസ് റിപ്പോർട്ട് (വി.ഇ.നമ്പർ 29/01/SRT/6-ാം നമ്പർ ആരോപണം അടിസ്ഥാനമാക്കിയുള്ളത്) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല പരാമർശം നിലനിൽക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.9.4 കോർപ്പറേഷൻ കൗൺസിലിന്റെയും വർക്ക്സ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അനുമതിക്ക് വിധേയമായി മെഷീന്റെ പ്രവർത്തനം നിരീക്ഷിച്ചതിന് ശേഷവും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചതിന് ശേഷവുമാണ് പോട്ട ഹോൾ റിപ്പയറിംഗ് മെഷീൻ വാങ്ങിയതെന്ന വിജിലൻസ് വകുപ്പ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യു.

ഖണ്ഡിക നമ്പർ 91

ശിപാർശ

3.10.1 ബിറ്റുമിൻ വാങ്ങിയതിലെ ക്രമക്കേടുകൾമൂലം കോർപ്പറേഷനുണ്ടായ നഷ്ടം (29,124 രൂപ) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 36.8 ടൺ ബിറ്റുമിനാണ് ഹിന്ദുസ്ഥാൻ കോൾസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും കോർപ്പറേഷൻ വാങ്ങിയത്. ഇതിൽ 2.2 മെട്രിക് ടൺ കുറവ് ആഡിറ്റിംഗിൽ കണ്ടെത്തിയിരുന്നു. ഇക്കാര്യം കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ കൂടുതലായി ഈടാക്കിയ തുക കോർപ്പറേഷന് മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. അതിനാൽ കോർപ്പറേഷന് നഷ്ടം വന്നിട്ടില്ല. പ്രസ്തുത ആരോപണം സംബന്ധിച്ച് വി.ഇ.21/05/ എസ്.ഐ.യു. നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.10.3 ഹിന്ദുസ്ഥാൻ കോൾസ് ലിമിറ്റഡ് കമ്പനി തുക മടക്കി നൽകിയതിന്റെയോ വിജിലൻസ് റിപ്പോർട്ടിന്റെയോ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.10.4 പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മറുപടികൾ സമിതി അംഗീകരിക്കുകയില്ലെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാൻ പാടില്ലായെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 92

ശിപാർശ

3.11.1 പോട്ട് ഹോൾ റിപ്പയറിംഗ് മെഷീൻ പി.ഡബ്ല്യു.ഡി. റോഡുകളിൽ ഉപയോഗിച്ചതായി ലോഗ് ബുക്ക് പരിശോധനയിൽ നിന്ന് വ്യക്തമാണെന്ന് ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതിനുള്ള വാടക പി.ഡബ്ല്യു.ഡി.യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.2 തിരുവനന്തപുരം നഗരസഭ പോട്ട് ഹോൾ റിപ്പയറിംഗ് മെഷീന്റെ പ്രവർത്തന യോഗ്യത പരീക്ഷിക്കാൻ പി.ഡബ്ല്യു.ഡി.യുടെ ചില റോഡുകളിലും, നഗരസഭയിലും ടാർ പാച്ച് പ്രവൃത്തി ചെയ്തിട്ടുള്ളതാണ്. പരീക്ഷണാടിസ്ഥാനത്തിൽ , ആയതിനാൽ പി.ഡബ്ല്യു.ഡി.യിൽ നിന്നും ഇതിന് ചെലവായ തുക ഈടാക്കിയിട്ടില്ലാത്തതാണ്. ടി മെഷീൻ പി.ഡബ്ല്യു.ഡി.ക്ക് വാടകയ്ക്ക് നൽകിയിട്ടില്ല എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.11.3 മറുപടി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.11.4 സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 93

ശിപാർശ

3.12.1 പോർട്ട് ഹോൾ മെഷീൻ പ്രവർത്തിപ്പിക്കുന്നതിനായി അധിക ഡീസൽ വാങ്ങി കോർപ്പറേഷന് 64,813 രൂപയുടെ നഷ്ടമുണ്ടാക്കിയ കോർപ്പറേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് പ്രസ്തുത തുക ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.12.2 അധിക ഡീസൽ വാങ്ങി 64,813 രൂപയുടെ നഷ്ടമുണ്ടാക്കിയതായി പറയുന്ന കോർപ്പറേഷൻ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. മുരളീധരൻ നായർ, ടി മെഷീൻ പ്രവർത്തിപ്പിച്ച ഡ്രൈവർ ശ്രീ. വിശ്വനാഥൻ നായർ എന്നിവരാണെന്ന് കണ്ടെത്തുകയുണ്ടായി. ഇതിൽ ശ്രീ. മുരളീധരൻനായരുടെ പേരിൽ പോട്ടഹോൾ മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നിലനിൽക്കുകയാണ്. ശ്രീ. വിശ്വനാഥൻനായർ റിട്ടയർ ചെയ്യുകയുണ്ടായി. ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ടി തുക തടഞ്ഞുവയ്ക്കുകയുണ്ടായി. എന്നാൽ ടിയാൻ ബഹു. ലോകായുക്തയെ സമീപിക്കുകയുണ്ടായി. ലോകായുക്ത ഉത്തരവുപ്രകാരം ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന 64,813 രൂപയുടെ നേർപകുതി തുകയായ 32,406.50 രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.12.3 മറുപടി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനിൽക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.12.4 സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 94

ശിപാർശ

3.13.1 28 ലക്ഷത്തോളം രൂപ ചെലവഴിച്ച് വാങ്ങിയ പോട്ട് ഹോൾ മെഷീൻ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവാതെ നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ള സാഹചര്യത്തിലും കോർപ്പറേഷനിലെ ബഹുഭൂരിഭാഗം റോഡുകളിലും ഈ മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിലും ഈ മെഷീൻ പൊതുമരാമത്ത് വകുപ്പിന് വിൽക്കുകയോ കൈമാറുകയോ ചെയ്ത് ഉപയോഗപ്രദമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.2 പോട്ട് ഹോൾ പി.ഡബ്ല്യു.ഡി.യ്ക്ക് കൈമാറുന്നതിനായി സമിതി നിർദ്ദേശ പ്രകാരം കത്ത് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി.യിൽ നിന്നും ഉദ്യോഗസ്ഥൻ ടി മെഷീൻ പരിശോധിച്ചിട്ടുള്ളതുമാണ്. എന്നാൽ പി.ഡബ്ല്യു.ഡി.യിൽ നിന്നും ടി മെഷീൻ ഏറ്റെടുക്കുകയുണ്ടായില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.13.3 തുടർനടപടി രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനില്ക്കുന്നു.

8-2-2017-ലെ സമിതിയോഗ തീരുമാനം

3.13.4 സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 102, 110

ശിപാർശ

3.14.1 13 കോടി രൂപയുടെ പ്രോജക്ട്, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിരുന്ന അഡ്വാൻസ് എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ 15 ദിവസത്തിനകം ആഡിറ്റിന് നൽകണമെന്നും അല്ലാത്ത പക്ഷം അതിനുള്ള കാരണം സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.14.2 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും ആഡിറ്റിന് കൈമാറിയിട്ടുണ്ടെന്ന തെറ്റായ റിപ്പോർട്ട് നൽകിയ പ്രോജക്ട് എഞ്ചിനീയറെത്തന്നെ പ്രസ്തുത ഫയലുകൾ ആഡിറ്റിന് കൈമാറുന്നതിന് ചുമതലപ്പെടുത്തണമെന്നും വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.3 ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ കൊണ്ടുതന്നെ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. (12-12-2005, 14-12-2005, 22-12-2005, 26-12-2005, 3-1-2006, 3-2-2006 എന്നീ തീയതികളിൽ നൽകിയിട്ടുണ്ട്).

3.14.4 സമിതി നിർദ്ദേശം പാലിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും ആഡിറ്റിൽ പരാമർശിച്ചിരിക്കും പ്രകാരം പ്രോജക്ട് എൻജിനീയറെ കൊണ്ടുതന്നെ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. കൂടാതെ ടിയാനിൽനിന്നും വിശദീകരണം വാങ്ങിയിട്ടുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.14.5 രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പരാമർശം നിലനില്ക്കുന്നു.

<u>8-2-2017-ലെ സമിതിയോഗ തീരുമാനം</u>

3.14.6 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും, രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷമാണ് നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വകുപ്പിന് രേഖകൾ കൈമാറുന്നതെന്നും രജിസ്റ്ററുകളിൽ രേഖകൾ നല്കിയതായി കാണുന്നില്ലെന്നും ജോയിന്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് സമിതി യോഗത്തിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി നിർദ്ദേശിച്ചു.

**ശിപാർശ ഖണ്ഡിക 102, 110 എന്നിവ സംബന്ധിച്ച് 18-10-2017 തീയതിയിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ.10478/സ്പെ.സെൽ ജി1/2017 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച മറുപടി.**

3.14.7 സമിതി ശിപാർശകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഫയലുകളും രേഖകളും പരിശോധിച്ച് പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ലഭ്യമല്ല.

## 19-10-2017-ലെ തെളിവെടുപ്പ് യോഗം

3.4.8 പ്രസ്തുത യോഗത്തിൽ 102, 110 എന്നീ ശിപാർശഖണ്ഡികളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിഷയം സമിതി ചർച്ചയ്ക്കെടുത്തു. പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുകയും തുടർനടപടിയ്ക്കായി നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതിയ്ക്ക് നൽകേണ്ട റിപ്പോർട്ട് നഗരസഭയ്ക്ക് കൊടുത്തതിനുള്ള കാരണം എന്താണെന്ന് ആരായുകയും ചെയ്തു.

3.14.9 ഒറിജിനൽ റിപ്പോർട്ടിന്റെ തുടർനടപടികളുടെ ഭാഗമായി ലഭിച്ച രേഖ പരിശോധിച്ച് 2006-ൽ റിപ്പോർട്ട് പുറപ്പെടുവിച്ചതിനെ സംബന്ധിച്ചാണ് പരാമർശിച്ചിരുന്നതെന്നും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ രേഖ സമർപ്പിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്നും 40 ശതമാനം രേഖകൾ ഇനിയും ലഭിക്കാനുണ്ടെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമായതിന് ശേഷം ടി ശിപാർശ ഖണ്ഡികകൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യാമെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു

## സമിതി ആരാഞ്ഞ അധിക വിവരം

3.14.10 പ്രോജക്ടുകളുടെ രൂപീകരണവും നിർവ്വഹണവും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളിലെ സാമ്പത്തിക ക്രമക്കേടുകൾ എന്നീ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന്റെ പകർപ്പ് സമിതിക്ക് ഹാജരാക്കുക.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.14.11 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 5-ാമത് റിപ്പോർട്ടിലെ 102, 110, 128 എന്നീ ശിപാർശ ഖണ്ഡികകളിലെ നിർദ്ദേശപ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുകയും ആയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 22-12-2006-ൽ എൽ.എഫ്.എ.സിഎ 8/614/2005 നമ്പറായി പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുകയും ആയത് സമിതിക്ക് സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് സമിതി പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) യുടെ 14-ാമത് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

3.14.12 പ്രസ്തുത സമിതി റിപ്പോർട്ടിലെ മുഖവുരയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 5-ാമത് റിപ്പോർട്ടിലെ 128-ാം ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതെന്നാണ് പറയുന്നതെങ്കിലും 102, 110 എന്നീ ഖണ്ഡികകളുമായി ബന്ധപ്പെട്ട വിഷയങ്ങളും കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

8-5-2019-ലെ സമിതിയോഗ തീരുമാനം

3.14.13 പ്രസ്തുത ശിപാർശകൾ സംബന്ധിച്ച മറുപടികൾ പരിഗണിച്ച സമിതി അവ അംഗീകരിക്കുകയും പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഖണ്ഡിക നമ്പർ 123

ശിപാർശ

3.15.1 സി.ഡി.എസ്.(കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) അയൽക്കൂട്ടം, കുടുംബശ്രീ എന്നീ പ്രോജക്ടുകൾ പൂർണ്ണമായും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളല്ലെങ്കിലും ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ ചാർട്ടേഡ് അക്കൗണ്ടന്റുമാർ നടത്തുന്ന ആഡിറ്റ് തൃപ്തികരമല്ലെന്നാണ് സമിതിയുടെ വിലയിരുത്തൽ. ആയതിനാൽ ഈ സ്ഥാപനങ്ങളെക്കൂടി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പൂർണ്ണമായ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിന് വിധേയമാക്കുന്നതിനാവശ്യമായ നിയമന നടപടികളും ഉത്തരവുകളും പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ തലത്തിൽ നിന്നുതന്നെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.15.2 ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വതന്ത്ര സംഘടനകളാണ് കുടുംബശ്രീ സി.ഡി.എസ്. ഉൾക്കൊള്ളുന്ന കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം. ലോക്കൽ ഫണ്ട് ചട്ടങ്ങളിൽ നിർണ്ണയിച്ചിരിക്കുന്ന വിധത്തിലുള്ള ഒരു നിർവ്വഹണ ഏജൻസിയോ, സർക്കാർ സംവിധാനമോ ആയി കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളെ വിവക്ഷിക്കുന്ന/പരിഗണിക്കുന്ന രീതി ശരിയല്ല. സ്ത്രീകളുടെ വിപുലമായ ജനകീയ ശൃംഖലയാണിത്. നേതൃ സ്ഥാനത്തേക്ക് കടന്നുവരുന്നതിനും പ്രാദേശിക ആസൂത്രണത്തിനും വികസന പ്രവർത്തനങ്ങളിലും ക്രിയാത്മക പങ്ക് നിർവ്വഹിക്കുന്നതിനുമുള്ള അവസരവും സാധ്യതയുമാണ് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം കുടുംബശ്രീ വനിതകൾക്ക് പ്രദാനം ചെയ്യുന്നത്.

3.15.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, കുടുംബശ്രീമിഷൻ തുടങ്ങിയവയിലൂടെ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിലെ അർഹരായ പരമാവധി ബി.പി.എൽ. കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സാമൂഹ്യ ഉത്തരവാദിത്വവും, ചുമതലകളുമാണ് സി.ഡി.എസ്. സംവിധാനങ്ങൾ പ്രധാനമായും നിർവ്വഹിച്ച് പോരുന്നത്.

3.15.4 അയൽക്കൂട്ടങ്ങൾ അവരുടെ ലഘു സമ്പാദ്യത്തിൽ നിന്നും സമാഹരിക്കുന്ന പണത്തിലൂടെ നിരവധി സാമ്പത്തിക പ്രവർത്തനങ്ങളും, സാമ്പത്തിക ശാക്തീകരണ പ്രവർത്തനവും നടത്തിവരുന്നുണ്ട്. ഓരോ അയൽക്കൂട്ടവും ഇക്കാര്യങ്ങളിൽ സ്വതന്ത്രമാണ്. അയൽക്കൂട്ടങ്ങളുടെ ഈ പ്രവർത്തന സ്വാതന്ത്ര്യത്തിൽ ഇടപെടുന്നതിന് പുറത്തുനിന്നുള്ള ഒരു ഏജൻസിക്കും ജനാധിപത്യപരമായി അവകാശമില്ല.

3.15.5 ത്രിതല സംഘടനാ സംവിധാനങ്ങളുടെ ധനസമാഹരണവും വിനിയോഗവും നിരന്തരം പരിശോധിക്കുന്നതിനും, കൃത്യത ഉറപ്പാക്കുന്നതിനുമുള്ള ഓഡിറ്റിംഗ് സംവിധാനം ഇന്ന് നിലവിലുണ്ട്. സി.ഡി.എസ്സ്.കളുടെ വരുമാനവും, ധനവിനിയോഗവും എല്ലാ വർഷവും ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റിംഗിന് വിധേയമാക്കുന്നുണ്ട്. കുടുംബശ്രീമിഷൻ രൂപീകരിച്ചിട്ടുള്ള കുടുംബശ്രീ അക്കൗണ്ടിംഗ് & ഓഡിറ്റിംഗ് സൊസൈറ്റി (കാസ്സ്) അംഗങ്ങളുടെ സഹായത്തോടെയാണ് ചാർട്ടേഡ് അക്കൗണ്ടിന്റെ നേതൃത്വത്തിലുള്ള ഓഡിറ്റിംഗ് നടത്തുന്നത്. വാർഷിക ഓഡിറ്റിംഗ് റിപ്പോർട്ട് അതാത് ജില്ലാ രജിസ്ട്രാർമാർക്ക് എല്ലാ വർഷവും സമർപ്പിക്കാറുണ്ട്. എ.ഡി.എസ്./അയൽക്കൂട്ട സംവിധാനങ്ങളുടെ ഓഡിറ്റിംഗ് കാസ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ കൃത്യമായി നടക്കുന്നുണ്ട്. ഓഡിറ്റിംഗ് പ്രവർത്തനങ്ങൾക്കായി പ്രത്യേക പരിശീലനം സിദ്ധിച്ച 400 പേരാണ് 14 ജില്ലകളിലായി നിലവിലുള്ളത്. ഈ ഓഡിറ്റിംഗ് സംവിധാനത്തിനുപുറമേ സി.ഡി.എസ്, എ.ഡി.എസ്. കണക്കുകൾ നിരന്തരം പരിശോധിക്കുന്നതിനും ധനവിനിയോഗത്തിന്റെ സുതാര്യതയും, സത്യസന്ധതയും ഉറപ്പാക്കുന്നതിനും ആന്തരിക ഓഡിറ്റിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സി.ഡി.എസ്., എ.ഡി.എസ്. ജനറൽ ബോഡികളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഇന്റേണൽ ഓഡിറ്റർമാർ 1061 സി.ഡി.എസ്സു.കൾക്കും, 20,000 എ.ഡി.എസ്സു.കൾക്കും ഉണ്ട്. ഒരു ജനകീയ സംഘടനാ സംവിധാനത്തിന്റെ സാമ്പത്തിക വിനിയോഗം ചിട്ടപ്പെടുത്തുന്നതിന് ഇത്രയും വിപുലമായ ക്രമീകരണം മറ്റൊരു സംഘടനാ സംവിധാനത്തിനും ഉണ്ടാകാൻ സാധ്യതയില്ല.

3.15.6 കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിലെ ബി.പി.എൽ. കുടുംബങ്ങൾക്ക് കുടുംബശ്രീ മിഷന്റെ വിവിധ പദ്ധതികളിലൂടെയും, സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായും നിരവധി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട് എന്നത് ശരിയാണ്. എന്നാൽ ഈ ആനുകൂല്യങ്ങൾ അർഹരായ

ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത്/നൽകിയതെന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ/സ്ഥാപനങ്ങളെയാണ് യഥാർത്ഥത്തിൽ പരിശോധിക്കേണ്ടതും, ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതും.

3.15.7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കുടുംബശ്രീ സി.ഡി.എസ്.കൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ധനവിനിയോഗ രീതിയും, ഗുണപരതയും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും, ക്രമക്കേടുകളിൽ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് സംവിധാനത്തിന് സാധിക്കും. മാത്രമല്ല ഇത്തരത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന ക്രമക്കേടുകളും, അപാകതകളും പരിഹരിക്കുന്നതിനും, ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുമുള്ള നടപടികൾ കുടുംബശ്രീമിഷൻ കൈക്കൊള്ളാറുമുണ്ട്. ഈ രീതി തന്നെ തുടർന്നും അനുവർത്തിക്കുന്നതാവും ഉചിതം.

3.15.8 37 ലക്ഷം കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും, 20,000 ത്തോളം എ.ഡി.എസുകളെയും, ലോക്കൽ ഫണ്ട് ഓഡിറ്റ് സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള യുക്തിയും, പ്രസക്തിയും ആശയതലത്തിലും, പ്രായോഗിക തലത്തിലും എത്ര കണ്ട് ഫലവത്താകുമെന്ന കാര്യത്തിൽ സംശയമുണ്ട്. തികച്ചും സ്വതന്ത്രമായും, ജനാധിപത്യപരമായും പ്രവർത്തിച്ചുവരുന്ന ഈ സൂക്ഷ്മതല സ്വതന്ത്ര സാമൂഹ്യ സംഘടനാ സംവിധാനങ്ങളെ സർക്കാരിന്റെ ഏതെങ്കിലും വകുപ്പുതല ചട്ടക്കൂടുകൾക്കുള്ളിൽ/നടപടികളുടെ ഭാഗമാക്കി മാറ്റുന്ന രീതി ന്യായീകരിക്കാൻ കഴിയുന്നതല്ല. മാത്രമല്ല സേവന സന്നദ്ധതയുടെയും, സാമൂഹ്യ ഉത്തരവാദിത്വത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചുപോരുന്ന പൗരസംഘടനാ സംവിധാനത്തെ ഒരു സർക്കാർ വകുപ്പിനെപോലെ സമീപിക്കുന്ന രീതിയും സ്വീകാര്യമല്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.15.9 സ്വീകരിച്ച നടപടി ശിപാർശയനുസരിച്ചുള്ളതല്ല സി.ഡി.എസ്. അയൽക്കൂട്ടം, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളിൽ ഇപ്പോൾ നിലവിലുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാർ നടത്തുന്ന ഓഡിറ്റ് തൃപ്തികരമല്ലെന്നും, ആയതിനാൽ ടി സ്ഥാപനങ്ങളെക്കൂടി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പൂർണ്ണമായ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കുന്നതിനാവശ്യമായ നിയമ നടപടികളും ഉത്തരവുകളും പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ തലത്തിൽ നിന്ന് തന്നെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ അടിയന്തരമായ നടപടി സ്വീകരിക്കണമെന്നുമാണ് ബഹു. സമിതി ശിപാർശ ചെയ്തിരുന്നത്. എന്നാൽ മേൽ ശിപാർശ നടപ്പിലാക്കാനുള്ള യാതൊരു നടപടിയും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

3.15.10 സമിതി നിർദ്ദേശിച്ച സ്ഥാപനങ്ങളെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പൂർണ്ണമായ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിന് വിധേയമാക്കുന്നത്, ടി സ്ഥാപനങ്ങളുടെ കാര്യക്ഷമതയെയും, പദ്ധതി നിർവ്വഹണക്ഷമതയെയും ഉയർത്താൻ ഉതകുന്ന ഘടകമായി തീരുന്നതാണ്.

3.15.11 ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശ നടപ്പിലാക്കുന്നതിനുപകരം ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ നേതൃത്വത്തിലുള്ള നിലവിലെ സംവിധാനം തുടരണമെന്ന അഭിപ്രായം ആണ് അറിയിച്ചിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ സമിതിയുടെ ശിപാർശ അടിയന്തരമായി നടപ്പിലാക്കുവാനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

### സമിതി നിർദ്ദേശം

3.15.12 സർക്കാർ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുക.

### ഖണ്ഡിക നമ്പർ 128

### ശിപാർശ

3.16.1 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും ആഡിറ്റിന് നൽകുന്നതിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും 15 ദിവസത്തിനകം ആഡിറ്റിന് കൈമാറി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.16.2 ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും രേഖകളും, രജിസ്റ്ററുകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രത്യേകം ഓഡിറ്റ് നടത്തുകയും അപ്രകാരം നടത്തിയ ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുകയും അതിനുള്ള മറുപടി ഓഡിറ്റിന് നൽകിയിട്ടുള്ളതുമാണ്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.16.3 മറുപടി പരിഗണിക്കാവുന്നതാണ്. പ്രത്യേക ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. തുടർ നടപടി നടന്ന് വരുന്നതുമാണ്.

ഖണ്ഡിക നമ്പർ 133

ശിപാർശ

3.17.1 മത്സ്യകൃഷി പ്രോജക്ടിൽ തിരുവനന്തപുരം എഫ്.എഫ്.ഡി.എ.യിൽ ചെലവാകാതെ കിടക്കുന്ന 1,11,612 രൂപ 15 ദിവസത്തിനുള്ളിൽ നഗരസഭയുടെ ഫണ്ടിലേയ്ക്ക് തിരിച്ചടപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.17.2 ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെക്കൊണ്ട് തിരുവനന്തപുരം നഗരസഭയുടെ ഫണ്ടിലേയ്ക്ക് 110494-ാം നമ്പർ രസീത് പ്രകാരം 15-12-2006-ൽ 1,11,612 രൂപ തിരിച്ചടവ് നടത്തിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.17.3 ഒടുക്കരേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

അദ്ധ്യായം IV

**സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നാളിതുവരെ മറുപടി സമർപ്പിക്കാത്തതും സമിതി ആവർത്തിക്കുന്നതുമായ ശിപാർശകൾ**

ഖണ്ഡിക നമ്പർ 35

ശിപാർശ

4.1 തുക വക മാറ്റി ചെലവഴിച്ചതിന് അന്നത്തെ കോർപ്പറേഷൻ സെക്രട്ടറിയും അക്കൗണ്ട്സ് ഓഫീസറായിരുന്ന ശ്രീ. നീലാംബരനും തന്നെയാണ് ഉത്തരവാദികളെന്നും ഇവരിലാണ് ഇതിന്റെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യേണ്ടതെന്നുമാണ് സമിതിയുടെ വിലയിരുത്തൽ. റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്ത് നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 47

ശിപാർശ

4.2 ജനകീയാസൂത്രണ പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ഗുണഭോക്താക്കൾ പ്രസ്തുത പദ്ധതിയിലേക്ക് ഗുണഭോക്തൃ വിഹിതമായി നൽകേണ്ട തുക, ഗുണഭോക്തൃ വിഹിതമായി പിരിഞ്ഞുകിട്ടിയ തുക എന്നിവ സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കാതിരുന്നതും ആയത് ആഡിറ്റിന് ഹാജരാക്കാതിരുന്നതും കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഈ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരും ജീവനക്കാരും ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് വിശദാംശങ്ങൾ രണ്ട് മാസത്തിനകം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 49

ശിപാർശ

4.3 കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ ആഡിറ്റ് ഖണ്ഡികകൾക്ക് നിശ്ചിത സമയത്തിനകം മറുപടി നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 57

ശിപാർശ

4.4 കാർ ലേലവും മെയിന്റനൻസുമായി ബന്ധപ്പെട്ട് ഫയലുകൾ കാണാതായതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് അതിനുള്ള വിശദീകരണം തേടണമെന്നും ഇവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള 45,074 രൂപ ഉത്തരവാദികളായ കോർപ്പറേഷൻ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും നടപടി സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 66

ശിപാർശ

4.5 3 ഡീസൽ അംബാസിഡർ കാറുകൾ വാങ്ങുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിൽ 1997-ലെടുത്ത തീരുമാനം നടപ്പാക്കുന്നതിന് 2 വർഷത്തോളം

കാലതാമസമുണ്ടാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരും കൗൺസിൽ തീരുമാനമില്ലാതെ തന്നെ ഈ ഇടപാടിൽ 2,38,702 രൂപ അധികം ചെലവഴിച്ചതിനും ഉത്തരവാദികളായ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിലെയും മറ്റു വിഭാഗങ്ങളിലെയും ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഈ ഇടപാടിൽ കോർപ്പറേഷനുണ്ടായ 2,38,702 രൂപയുടെ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഇത് സംബന്ധിച്ച് കൈക്കൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ 30 ദിവസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി, 12.

245/2020.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 2.1.12 | തദ്ദേശസ്വയംഭരണ വകുപ്പ് | സി.എഫ്. ലാമ്പുകൾ സ്ഥാപിക്കുന്ന പ്രോജക്ടിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ സമിതിയെ അറിയിക്കുവാൻ ശിപാർശ ചെയ്യുന്നു. |
| 2 | 4.1 | ,, | തുക വക മാറ്റി ചെലവഴിച്ചതിന് അന്നത്തെ കോർപ്പറേഷൻ സെക്രട്ടറിയും അക്കൗണ്ട്സ് ഓഫീസറായിരുന്ന ശ്രീ. നീലാംബരനും തന്നെയാണ് ഉത്തരവാദികളെന്നും ഇവരിലാണ് ഇതിന്റെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യേണ്ടതെന്നുമാണ് സമിതിയുടെ വിലയിരുത്തൽ. റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്ത് നടപടി സ്വീകരിക്കണമെന്നും, ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 4.2 | ,, | ജനകീയാസൂത്രണ പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ഗുണഭോക്താക്കൾ പ്രസ്തുത പദ്ധതിയിലേക്ക് ഗുണഭോക്തൃ വിഹിതമായി നൽകേണ്ട തുക, ഗുണഭോക്തൃ വിഹിതമായി പിരിഞ്ഞുകിട്ടിയ തുക എന്നിവ സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കാതിരുന്നതും ആയത് ആഡിറ്റിന് ഹാജരാക്കാതിരുന്നതും കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഈ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരും ജീവനക്കാരും ആരെല്ലാമാണെന്ന് കണ്ടെത്തി |

| | | | |
|---|---|---|---|
| | | | അവർക്കെതിരെ വകപ്പുതല നടപടി സ്വീകരിച്ച് വിശദാംശങ്ങൾ രണ്ട് മാസത്തിനകം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 4.3 | തദ്ദേശസ്വയംഭരണ വകുപ്പ് | കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ ആഡിറ്റ് ഖണ്ഡികകൾക്ക് നിശ്ചിത സമയത്തിനകം മറുപടി നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 4.4 | " | കാർ ലേലവും മെയിന്റനൻസുമായി ബന്ധപ്പെട്ട് ഫയലുകൾ കാണാതായതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് അതിനുള്ള വിശദീകരണം തേടണമെന്നും ഇവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള 45,074 രൂപ ഉത്തരവാദികളായ കോർപ്പറേഷൻ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും നടപടി സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 6 | 4.5 | " | 3 ഡീസൽ അംബാസിഡർ കാറുകൾ വാങ്ങുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിൽ 1997-ലെടുത്ത തീരുമാനം നടപ്പാക്കുന്നതിന് 2 വർഷത്തോളം കാലതാമസമുണ്ടാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരും, കൗൺസിൽ തീരുമാനമില്ലാതെ തന്നെ ഈ ഇടപാടിൽ 2,38,702 രൂപ അധികം ചെലവഴിച്ചതിനും ഉത്തരവാദികളായ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറിംഗ് വിഭാഗത്തിലെയും മറ്റ് വിഭാഗങ്ങളിലെയും ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഈ ഇടപാടിൽ കോർപ്പറേഷനുണ്ടായ 2,38,702 രൂപയുടെ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഇത് സംബന്ധിച്ച് കൈക്കൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ 30 ദിവസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.